# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

## ഇന്ത്യൻ നിർമ്മിത വിദേശമദ്യവും ബിയറും വിറ്റഴിച്ച കണക്ക്

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1118 — 30.10.2019-ൽ മറുപടിയ്ക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പാറക്കൽ അബ്ദുല്ല | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പുമന്ത്രി |
| (എ) കേരളത്തിൽ കഴിഞ്ഞ പത്ത് വർഷത്തിനിടെ വിറ്റത് ഒരു ലക്ഷം കോടിയോളം രൂപയുടെ മദ്യമാണെന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(ബി) 2009-10 സാമ്പത്തിക വർഷം മുതൽ 2018-19 വരെ വിറ്റഴിച്ച ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന്റെയും ബിയറിന്റെയും കണക്കാണോ ഇതെന്ന കാര്യം പരിശോധിക്കുകയുണ്ടായോ;<br><br>(സി) എങ്കിൽ ഇതിനു പുറമെയാണോ കള്ള് ഷാപ്പുകളും കൺസ്യൂമർ ഫെഡിന്റെ വിദേശമദ്യശാലകളും ബിയർപാർലറുകളും വഴി വിറ്റഴിക്കുന്ന മദ്യത്തിൽ നിന്ന് സർക്കാരിനു ലഭിക്കുന്ന വരുമാനം; വിശദമാക്കുമോ; | (എ) യും (ബി) യും (സി) യും 2009-10 മുതൽ 2018-19 വരെ ബാറുകൾക്കും മറ്റ് ലൈസൻസികൾക്കും, കൺസ്യൂമർ ഫെഡിനും മറ്റും കെ.എസ്.ബി.സി മുഖേന വില്പന നടത്തിയതും, കെ.എസ്.ബി.സിയുടെ എഫ്.എൽ-1 ചില്ലറ വില്പനശാലകൾ മുഖേന വില്പന നടത്തി സമാഹരിച്ചതുമായ ആകെ വിറ്റുവരവ് 99,473/- കോടി രൂപയാണ്. കള്ള്ഷാപ്പുകൾ മുഖേന നടക്കുന്ന വിൽപ്പനയുടെ കണക്ക് ഇതിൽ ഉൾപ്പെടുന്നില്ല. |
| (ഡി) ഓരോ വർഷവും തൊട്ടുമുമ്പത്തെ വർഷത്തേക്കാൾ പത്ത് മുതൽ ഇരുപത് ശതമാനം വരെയാണ് മദ്യവിൽപനയിലെ വർദ്ധനവ് എന്ന റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ; | (ഡി) 2009-10 മുതൽ 2018-19 വരെ കെ.എസ്.ബി.സിയുടെ ആകെ വിറ്റുവരവ്, മുൻ വർഷത്തെ വില്പനയുമായി താരതമ്യം ചെയ്യുമ്പോഴുള്ള വർദ്ധനവ് (ശതമാനത്തിൽ) എന്നിവ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം 1 ൽ ചേർത്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| **(ഇ)** | 1570.90 കോടി രൂപയുടെ വരുമാന വർദ്ധനവുണ്ടായ 2018-19 സാമ്പത്തിക വർഷം മദ്യവിൽപ്പനയിൽ റിക്കാർഡ് മുന്നേറ്റം ഉണ്ടായിട്ടുണ്ടോ; | | 2017-18 സാമ്പത്തിക വർഷത്തെ ആകെ വിറ്റുവരവുമായി താരതമ്യം ചെയ്യുമ്പോൾ 2018-19 സാമ്പത്തിക വർഷത്തെ ആകെ വിറ്റുവരവിൽ 1571 കോടി രൂപയുടെ വർദ്ധനവുണ്ടായിട്ടുള്ളതായി കാണാവുന്നതാണ്. 2018-19 സാമ്പത്തിക വർഷത്തിൽ മദ്യത്തിന്റെ റേറ്റ് കോൺട്രാക്ട് പർച്ചേസ് വില 7% വർദ്ധിപ്പിക്കുകയും, സംസ്ഥാനത്ത് അപ്രതീക്ഷിതമായി ഉണ്ടായ പ്രളയത്തെ തുടർന്ന് ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് കൂടുതൽ റവന്യൂ സമാഹരിക്കുന്നതിനുമായി 18.08.2018 തീയതി മുതൽ 30.11.2018 തീയതിവരെയുള്ള 100 ദിവസങ്ങളിൽ മദ്യത്തിന്റെ എക്സൈസ് നികുതി 10% വർദ്ധിപ്പിക്കുകയും ചെയ്തതാണ് 2018-19 സാമ്പത്തിക വർഷത്തിൽ കെ.എസ്.ബി.സിയുടെ ആകെ വിറ്റുവരവ് ഉയരാനുണ്ടായ കാരണം. ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള വിശദമായ അബ്കാരി നയത്തിന്റെ ഭാഗമായി മാത്രമാണ് പുതുതായി ബാർ ലൈസൻസുകൾ അനുവദിച്ചു വരുന്നത്. |
| **(എഫ്)** | എങ്കിൽ ഈ സന്ദർഭത്തിലും ഓരോ വർഷവും പുതിയ ബാറുകൾ തുറക്കുന്ന സർക്കാർ നിലപാട് ജനക്ഷേമം മുൻനിർത്തിയാണെന്ന് പറയാനാകുമോ; വിശദാംശങ്ങൾ നൽകുമോ? | **(ഇ) യും (എഫ്) ഉം** | |

**സെക്ഷൻ ഓഫീസർ**

**Annexure I**

Gross Sales of the Corporation from 2009-10 to 2018-19

| Sl.No. | Year | Gross Sales (in crores) | Increase in percentage as compared to the previous year (%) |
|---|---|---|---|
| 1 | 2009-10 | 5539.85 | |
| 2 | 2010-11 | 6730.30 | 21 |
| 3 | 2011-12 | 7861.74 | 17 |
| 4 | 2012-13 | 8818.18 | 12 |
| 5 | 2013-14 | 9353.74 | 6 |
| 6 | 2014-15 | 10012.84 | 7 |
| 7 | 2015-16 | 11577.29 | 16 |
| 8 | 2016-17 | 12134.14 | 5 |
| 9 | 2017-18 | 12937.09 | 7 |
| 10 | 2018-19 | 14508.21 | 12 |
| | **Total** | **99473.38** | |

Santhosh

സെക്ഷൻ ഓഫീസർ